"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- തീരമാവേലി പദ്ധതി പ്രകാരം തീരമൈത്രി സൂപ്പർമാർക്കറ്റുകൾക്ക് മാവേലി ഇനത്തിൽപ്പെട്ട അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ, 2023 ജൂലൈ മുതൽ 2023 നവംബർ മാസം വരെയുള്ള കാലയളവിൽ സാഫ് സപ്ലൈകോയ്ക്ക് നൽകുവാനുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന(സി) വകുപ്പ്**

സ.ഉ.(സാധാ) നം.528/2024/F&P തീയതി,തിരുവനന്തപുരം, 24-08-2024

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 02.08.2024-ലെ DFTVM/2663/2020-N2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തീരമാവേലി പദ്ധതി പ്രകാരം തീരമൈത്രി സൂപ്പർമാർക്കറ്റുകൾക്ക് മാവേലി ഇനത്തിൽപ്പെട്ട അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ, 2023 ജൂലൈ മുതൽ 2023 നവംബർ വരെയുള്ള കാലയളവിൽ സാഫ് സപ്ലൈകോയ്ക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 6,17,455/- രൂപ(ആറു ലക്ഷത്തി പതിനേഴായിരത്തി നാനൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം )2024-25 സാമ്പത്തിക വർഷ 2405-00-105-88-33 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ സപ്ലൈകോയ്ക്ക് അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ മേൽ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തീരമൈത്രി സൂപ്പർമാർക്കറ്റുകൾക്ക് മാവേലി ഇനത്തിൽപ്പെട്ട അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ 2023 ജൂലൈ മുതൽ 2023 നവംബർ മാസം വരെയുള്ള കാലയളവിൽ സാഫ് സപ്ലൈകോയ്ക്ക് നൽകുവാനുള്ള കുടിശ്ശിക **തുകയായ 6,17,455/- രൂപ(ആറു ലക്ഷത്തി പതിനേഴായിരത്തി നാനൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം)ടി തുകയുടെ കൃത്യത ഫിഷറീസ് ഡയറക്ടർ ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിൽ 2024-25 സാമ്പത്തിക വർഷം 2405-00-105-88-33 (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും** സപ്ലൈകോയ്ക്ക് അനുവദിക്കുന്നതിനുള്ള അനുമതി ഫിഷറീസ് ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANILETHA G
അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം,തിരുവനന്തപുരം

ധനകാര്യവകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ് ,വെബ് & ന്യൂ മീഡിയ,തിരുവനന്തപുരം(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ